# മഹാത്മാഗാന്ധി സർവ്വകലാശാല

നം. എഡി.എ1-1-21/2017 തീയതി, 17.08.2018

## പരിപത്രം

വിഷയം:- ക്ലബ് ഓഫ് എൻവയൺമെന്റൽ സയൻസസ് (CLENS) - പ്രളയദുരിതാശ്വാസം - അവശ്യ സാധനങ്ങളുടെ ശേഖരണം - സംബന്ധിച്ച്.

സൂചന:- സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ് ഡയറക്ടറുടെ 16.08.2018-ലെ SES/MGU/CLENS/2018 നമ്പർ കത്ത്.

------

മഹാത്മാഗാന്ധി സർവ്വകലാശാല പരിസ്ഥിതി ശാസ്ത്ര പഠനവിഭാഗത്തിന്റെ സംഘടനയായ CLENS-ന്റെ ആഭിമുഖ്യത്തിൽ വെള്ളപ്പൊക്കം മൂലം ദുരിതം അനുഭവിക്കുന്ന ആളുകൾക്ക് വേണ്ട അവശ്യസാധനങ്ങൾ സുമനസ്സുകളിൽ നിന്നും താഴെ പറഞ്ഞിരിക്കുന്ന പ്രകാരം ശേഖരിച്ചുനൽകുന്നതിന എല്ലാ ജീവനക്കാരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നതായി സൂചന പ്രകാരം സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഇതിലേക്കായി പുതിയ/അലക്കി വൃത്തിയാക്കി ഇസ്തിരിയിട്ട സാരി, നൈറ്റി, ഷർട്ട്, പുതപ്പ്, ബെഡ്ഷീറ്റ്, ലുങ്കി, ടവൽ, തോർത്ത് മുതലായ വസ്ത്രങ്ങളും, സാനിറ്ററി നാപ്കിൻ, സോപ്പ്, വാഷിംഗ് സോപ്പ്, പേസ്റ്റ്, ബ്രഷ്, മെഴുകുതിരി, തീപ്പെട്ടി, ടോർച്ച്, ഫസ്റ്റ് എയിഡ് കിറ്റ്, അരി, പയർ, പഞ്ചസാര, ചായപ്പൊടി, കാപ്പിപ്പൊടി, ഉപ്പ് മുതലായ അവശ്യസാധനങ്ങളും 17.08.2018 വെള്ളിയാഴ്ച മുതൽ 18.08.2018 ശനിയാഴ്ച ഉച്ചവരെ (2 p.m.), അഷ്ടദളം, അസംബ്ലി ഹാൾ എന്നിവിടങ്ങളിലെ സംഭരണകേന്ദ്രങ്ങളിൽ ശേഖരിക്കുന്നതാണ്.

നോട്ട് ബുക്കുകൾ, പെൻസിൽ, പേന, ജ്യോമെട്രി ബോക്സ്, സ്കൂൾ ബാഗ് എന്നിവ ഓണാവധിക്ക് ശേഷം 29.08.2018 മുതൽ 31.08.2018 വരെയുള്ള ദിവസങ്ങളിൽ ഇതുപോലെ ശേഖരിക്കുന്നതാണ്.

ഒപ്പ്
ജോയിന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്

1. സെക്ഷനുകൾ / ഡിപ്പാർട്ട്മെന്റുകൾ/സ്കൂളുകൾ/സെന്ററുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ / ഐ.ക്യു.എ.സി.
6. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി / ഡേ ഫയൽ / നോട്ടീസ് ബോർഡ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ